# പത്രകുറിപ്പ് 06/10/16

# സർക്കാരുമായി എഗ്രിമെന്റ് ഉണ്ടാക്കാത്ത കോളേജുകൾക്ക് ഫീസ് നിശ്ചയിച്ച് നൽകിയത് ഹൈക്കോടതി

## കെ കെ ശൈലജ ടീച്ചർ

സ്വാശ്രയ കോളേജുകളിലെ അലോട്ട്മെന്റ് സംബന്ധിച്ച് സർക്കാരിന് എതിരെ തികച്ചും തെറ്റായ വാർത്തകളാണ് പ്രതിപക്ഷം പ്രചരിപ്പിക്കുന്നത്. കരുണ, കണ്ണൂർ, കെഎംസിടി എന്നീ കോളേജുകൾ 50% സീറ്റ് സർക്കാരിന് വിട്ടുതന്ന് കൊണ്ട് എഗ്രിമെന്റ് ഉണ്ടാക്കിയിരുന്നില്ല. ഈ കോളേജുകൾ തുടക്കം മുതൽ തന്നെ സർക്കാരുമായുള്ള ചർച്ചകളിൽ നിന്ന് മാറി നിൽക്കുകയും മുഴുവൻ സീറ്റിലും സ്വകാര്യകോളേജുകൾക്ക് അലോട്ട്മെന്റ് നടത്താമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ മുന്നോട്ട് പൊകുകയാണ് ചെയ്തത്. ഹൈക്കോടതിയെ സമീപിച്ച് ഈ കോളേജുകൾ മുഴുവൻ സീറ്റുകളിലും 10 ലക്ഷം രൂപ ഫീസ് നിരക്കിൽ അലോട്ട്മെന്റ് നടത്താനുള്ള അനുവാദം സമ്പാദിച്ചു. അപ്പോൾ സർക്കാർ ഇടപെടുകയും ജയിംസ് കമ്മറ്റി (ഫീ റഗുലേറ്ററി കമ്മറ്റി) നിശ്ചയിക്കുന്ന ഫീസിൽ അലോട്ട്മെന്റ് നടത്തണമെന്ന ഫീസിൽ അലോട്ട്മെന്റ് നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. സർക്കാരുമായുണ്ടാക്കുന്ന കരാർമൂലം മാത്രമാണ് 50% സീറ്റിൽ 25000/- രൂപ ഫീസിനും, 2.5 ലക്ഷം ഫീസിനും പഠനം എന്ന തീരുമാനത്തിലെത്താൻ കഴിയുന്നത്. നിയമപരമായി ഫീ റഗുലേറ്ററി കമ്മറ്റിയാണ് ഫീസ് നിശ്ചയിക്കേണ്ടത്. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഫീ റഗുലേറ്ററി കമ്മറ്റി 4.40 ലക്ഷം രൂപ ഫീസിൽ അഡ്മിഷൻ നടത്തണമെന്ന് നിർദ്ദേശം നല്കി. എന്നാൽ മാനേജ്മെന്റ് ഹൈക്കോടതിയെ വീണ്ടും സമീപിക്കുകയും ഹൈക്കോടതി ജയിംസ് കമ്മിറ്റിയുടെ നിർദ്ദേശം തള്ളി. 10 ലക്ഷം രൂപ തന്നെ അനുവദിക്കുകയും ചെയ്തു. സപ്തംബർ 28- ന് ശേഷം നടത്തുന്ന എല്ലാ അലോട്ട്മെന്റും നീറ്റ് മെരിറ്റിൽ നിന്ന് സർക്കാർ നേരിട്ട് നടത്തി കൊടുക്കണം എന്നതാണ് കോടതി വിധി. അതനുസരിച്ച് മേൽപ്പറഞ്ഞ 3 കോളേജുകളുടെയും അലോട്ട്മെന്റ് 7-ാം തീയതിക്കുള്ളിൽ നടത്താൻ സർക്കാർ നിർബന്ധിതമായി. എങ്കിലും ഫീസ് വർദ്ധിപ്പിച്ചു നല്കിയ ഹൈക്കോടതി വിധിക്കെതിരെ സർക്കാർ സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. 7-ാം തീയതിക്കുള്ളിൽ അഡ്മിഷൻ പൂർത്തിയാകണം എന്നുള്ളതിനാൽ ഇപ്പോൾ ഹൈക്കോടതി നിശ്ചയിച്ച 10ലക്ഷം രൂപ ഫീസിൽ അലോട്ട്മെന്റ് നടത്തുകയേ നിർവ്വാഹമുള്ളു. അല്ലാത്ത പക്ഷം ഈ കോളേജുകളിലെ 350 സീറ്റുകളിലേക്ക് വിദ്യാർത്ഥികൾക്കു പ്രവേശനം ലഭിക്കാതിരിക്കുകയും ഈ സീറ്റുകൾ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുമായിരുന്നു. ഇത്തരമൊരു സാഹചര്യത്തിലാണ് ഹൈക്കോടതി ഫീസ് നിശ്ചയിച്ചു നൽകിയ ഇത്തരം കോളേജുകൾക്ക് വിദ്യാർത്ഥികളെ അലോട്ട് ചെയ്യുന്നതിനാവശ്യമായ വിജ്ഞാപനമിറക്കേണ്ടുന്ന സാഹചര്യം സർക്കാറിനുണ്ടായത്. വിജ്ഞാപനമിറക്കാൻ സുപ്രീം കോടതി വിധി വരുന്നതുവരെ കാത്തുനിന്നാൽ അത് കോടതിയലക്ഷ്യമാകുമായിരുന്നു.സുപ്രീം കോടതിയിൽ നിന്ന് വരുന്ന വിധിക്കനുസരിച്ച് മറ്റു കാര്യങ്ങൾ തീരുമാനിക്കുന്നതാണ്.